# SSLC EXAMINATION, MARCH - 2019

## MALAYALAM

First Language - Paper II

Time : 1½ Hours | Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1 

1. അർഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കുക.
   വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവുതന്നെയാണ്.

1

2. ചാക്കുണ്ണിയെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന ?
   - റേഡിയോ ഒരു സ്വപ്നമായിരുന്നു.
   - റേഡിയോ സ്വന്തമായതിൽ അഭിമാനിക്കുന്നു.
   - ജോലിയിൽ ശ്രദ്ധകുറഞ്ഞതിനാൽ റേഡിയോ ഒഴിവാക്കി.
   - മകന്റെ ജീവൻ രക്ഷിക്കാൻ റേഡിയോ പണയം വച്ചു.

3, 4 ചോദ്യങ്ങളിൽ ഒന്നിന് ഉത്തരമെഴുതുക. (2 സ്കോർ) 2x1=2

3. അടിവരയിട്ട പദങ്ങൾക്ക് സന്ദർഭമനുസരിച്ചു വരുന്ന അർഥങ്ങൾ എഴുതുക.
   - നൂലുകോർത്തു കുഴിഞ്ഞുപോയ കണ്ണുകൾ.
   - മരം വീണു കുഴിഞ്ഞുപോയ നിലം.

4. "ഒരു കയ്യാലകൊണ്ടു വേർതിരിക്കപ്പെട്ട രണ്ടു പറമ്പ്. കുറേക്കാലം മുമ്പ് രണ്ടും ഒന്നായിരുന്നു."
   വരികളിൽ തെളിയുന്ന രണ്ടു സൂചനകൾ എഴുതുക.

5 മുതൽ 11 വരെ ചോദ്യങ്ങളിൽ 6 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം - 4 സ്കോർ) 6x4=

5. "മാവിനോടുള്ള പ്രേമം നാട്ടിൻപുറത്തെ കുട്ടികളിൽ മാത്രമല്ല, കവികളിലും കാണാം. കവികളായവരെല്ലാം നാട്ടിൻപുറത്തെ ഏതെങ്കിലും 'കൊതിയസമാജ' ത്തിൽ അംഗങ്ങൾ ആയിരുന്നിരിക്കണം".
   കഥ, കവിത, സംഭാഷണം എന്നിവയിലൊക്കെ മാവും മാങ്ങക്കാലവും കടന്നു വരാറുണ്ട്. മാവുമായുള്ള മലയാളിയുടെ ബന്ധം വിവരിക്കുക.

Score

6. "രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത് ? നെല്ല് കൂലി കിട്ടിയില്ലെങ്കിൽ ജോലിക്കു പോകാതിരുന്നാലെന്ത് ?", കോരൻ ചിന്തിച്ചു.
കർഷകത്തൊഴിലാളിയുടെ ഉയിർത്തെഴുന്നേൽപ്പിന്റെ സൂചനയാണോ ഈ ചിന്ത ? സന്ദർഭം വിശകലനം ചെയ്ത് എഴുതുക.

7. "അപ്പന്റെ മരണത്തോടുകൂടി വീട്ടിൽ നിന്ന് എന്തെല്ലാമോ ചോർന്നുപോയ പോലെ.
ഒരുനാൾ നിനച്ചിരിക്കാതെ ഒരുപാടു പേർ ഇവിടെനിന്ന് ഇറങ്ങിപ്പോയിരിക്കുന്നു."
അടിവരയിട്ട പദങ്ങൾ കഥാസന്ദർഭത്തിനു നൽകുന്ന ആശയസാധ്യതകൾ കുറിക്കുക.

8. "പണ്ടു പനിച്ചതും അമ്മയെടുത്തുകൊ-
ണ്ടപ്പടിയോരോന്നു കേറിക്കിതച്ചതും
അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്"

അമ്മയെ സംബന്ധിച്ചു മകന്റെ ഓർമകൾ അനുഭവങ്ങളിലൂടെയും ഗന്ധങ്ങളിലൂടെയുമാണ് കവിതയിൽ പ്രത്യക്ഷമാവുന്നത്. കവിത വിശകലനം ചെയ്ത് പ്രസ്താവന സാധൂകരിക്കുക.

9. "കാലേ രാവു നിറന്ന നിലാവാൽ
കമുകിൻ പൂവരി തൂകി, ത്തൂമയി-
ലെതിരേറ്റങ്ങനെ നിൽക്കും വഴിയേ-
യെഴുന്നള്ളുകയാണോത്തപ്പൻ"

മാവേലിയെ എതിരേൽക്കാൻ കേരള പ്രകൃതി എങ്ങനെയെല്ലാം ഒരുങ്ങുന്നു ? കവിത അപഗ്രഥിച്ച് കുറിപ്പ് തയാറാക്കുക.

10. "അമ്മയുടേതാമെഴുത്തുകളൊക്കെയും
അമ്മയായ് ത്തന്നെയൊതുങ്ങിയിരിക്കട്ടെ"
"തായ്മൊഴി തന്നീണമെങ്ങനെ ? നാവെടു-
ത്തോതുന്നതെങ്ങനെ ? ഓർക്കുന്നതെങ്ങനെ ?"

"അമ്മയുടെ എഴുത്തുകൾ" എന്ന കവിതയിൽ മാതൃഭാഷയും മാതാവും ഒന്നായിത്തീരുന്നുണ്ടോ ? സ്വാഭിപ്രായം എഴുതുക.

"പത്രത്തെ എതിർക്കേണ്ടിവന്നാൽ ആ എതിർപ്പിനുപോലും പ്രചാരം വേണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം".
ഇത്തരമൊരവസ്ഥ ഇപ്പോഴുണ്ടോ ? നവമാധ്യമങ്ങളുടെ സ്വാധീനം കൂടി പരിഗണിച്ച് പ്രസ്താവ
വിലയിരുത്തി കുറിപ്പ് തയാറാക്കുക.

exam WiNNER

12 മുതൽ 14 വരെ ചോദ്യങ്ങളിൽ **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. (ഒരുപുറം 6 സ്കോർ) Score 2x6=12

12. "ഈ വേലിക്കകത്തു കാലെടുത്തു കുത്തിയതു മുതലാ പഷ്ണിയൊഴിഞ്ഞത്. മർക്കോസിന്റെ അപ്പൻ നിന്നെ മകനെപ്പോലെയാ വിചാരിച്ചിരുന്നത്."
മകന്റെ തെറ്റുകൾ ന്യായീകരിക്കാത്ത ഒരമ്മയെയാണ് ഇവിടെ കാണുന്നത്. മത്തായിയുടെ അമ്മയുടെ കഥാപാത്ര നിരൂപണം തയാറാക്കുക.

13.
- "നൂറ്റാണ്ടുകളായി ചവിട്ടി മെതിക്കപ്പെട്ടു കിടന്ന മനുഷ്യത്വത്തെ അദ്ദേഹം സമുദ്ധരിച്ചു. ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു."
- "നിലനിന്നുപോന്ന മൂഢാചാരപാരമ്പര്യത്തെയും അന്ധവിശ്വാസങ്ങളെയും ധീരതയോടെ ധ്വംസിച്ചു".
- "ബഹുലക്ഷം ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ളമനുഷ്യരാക്കി".
- സൂചനകളും പാഠഭാഗവും വിലയിരുത്തി 'പുതിയ കാലവും ശ്രീനാരായണഗുരുവും' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

14. "ഈ റേഡിയോം പാട്ട്വക്കെ ഇനിക്കത്ര പിടുത്തല്ല്യാ. മന്ഷരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്! ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം".
സമ്പത്തിനോടുള്ള ആർത്തി മനുഷ്യമനസ്സിലെ നന്മകളെ തല്ലിക്കെടുത്തുന്നുണ്ടോ ? സമകാലീന സാമൂഹികാവസ്ഥയും 'പണയ'മെന്ന കഥയും വിശകലനം ചെയ്ത് 'വളരുന്ന സമൂഹവും തളരുന്ന നന്മകളും' എന്ന വിഷയത്തിൽ ഉപന്യാസമെഴുതുക.

-oOo-